# 'നീ എവിടെ?'

## ഉല്പത്തി 3:9, 10

''യഹോവയായ ദൈവം മനുഷ്യനെ വിളിച്ചു: നീ എവിടെ എന്നു ചോദിച്ചു. തോട്ടത്തിൽ നിന്റെ ഒച്ച കേട്ടിട്ടു ഞാൻ നഗ്നനാകകൊണ്ട് ഭയപ്പെട്ടു ഒളിച്ചു എന്നു അവൻ പറഞ്ഞു.''

യഹോവയായ ദൈവം മനുഷ്യനെ വിളിച്ചു: ''നീ എവിടെ എന്നു ചോദിച്ചു''. ദൈവം നൽകുന്ന അനുഗ്രഹങ്ങളാൽ മനുഷ്യൻ ജീവിതത്തിന്റെ ഉന്നതങ്ങളിൽ എത്തുമ്പോൾ ഒന്നുമില്ലായ്മയിൽ നിന്നും അവനെ ഉന്നതിയിലേക്ക് കൊണ്ടുവന്ന ദൈവത്തിന്റെ കൽപനകൾ മറന്ന് മുന്നോട്ടു പോകാറുണ്ട്. അവൻ നേടിയെടുക്കുന്ന മാനവും, ധനവും പ്രതാപവുമൊക്കെ അവനെ രക്ഷിക്കുമെന്ന ധാരണയിലാണ് മനുഷ്യൻ ദൈവത്തെ അനുസരിക്കാതെ മുന്നോട്ടു പോകുന്നത്. എന്നാൽ ഏത് ഒളിവിടത്തിൽ ഒളിച്ചാലും ''നീ എവിടെ'' എന്നുള്ള ദൈവത്തിന്റെ ചോദ്യത്തെ അഭിമുഖീകരിക്കേണ്ടിവരും എന്ന് ആദ്യപിതാവായ ആദാമിന്റെ ജീവിതാനുഭവം നമ്മെ വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു.

മനുഷ്യനു വേണ്ടുന്ന എല്ലാ സൗകര്യങ്ങളും തക്കരീതിയിൽ ക്രമീകരിച്ച് കൊടുക്കുന്നതിൽ ദൈവം ശ്രദ്ധാലുവായിരുന്നു. അവന് തക്ക തുണയെ ഒരുക്കിക്കൊടുക്കുകയും ചെയ്ത ദൈവം അവർക്കു വച്ച ഒരു നിബന്ധന നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നരുതെന്ന് മാത്രമായിരുന്നു. തെറ്റിലേക്കു നടന്നു നീങ്ങിയ അവർക്ക് ''നീ എവിടെ'' എന്നുള്ള ദൈവത്തിന്റെ ചോദ്യത്തിൽ നിന്നും മാറിനിൽക്കുവാനോ, രക്ഷപ്പെടുവാനോ സാധിച്ചില്ല.

ആദ്യപിതാക്കന്മാർ പാപം ചെയ്തു എന്ന് തിരിച്ചറിഞ്ഞതിനുശേഷം അവർക്ക് ദൈവത്തെ അഭിമുഖീകരിക്കുവാനോ നീ എവിടെ എന്ന ചോദ്യത്തിന് മറുപടി വ്യക്തമാക്കുവാനോ സാധിച്ചില്ല. നാം പാപം ചെയ്ത് അവന്റെ കല്പനകളിൽ നിന്നും മാറി നിൽക്കുമ്പോൾ ദൈവത്തിനെ കാണുവാനോ അവന്റെ സ്വരം ശ്രവിക്കുവാനോ സാധിക്കുകയില്ല. അങ്ങനെയാണെങ്കിൽ നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ സാന്നിദ്ധ്യം എപ്രകാരം നമുക്കു തിരിച്ചറിയാൻ കഴിയും? ഞാനും എന്റെ ദൈവവും ആയുള്ള ബന്ധത്തിന്റെ ആഴം എത്രമാത്രമായിരിക്കും എന്ന് നാം ചിന്തിക്കണം.

നമ്മുടെ ആവശ്യങ്ങൾ നാം ചോദിക്കാതെ മനസിലാക്കി പ്രവർത്തിച്ച് നമുക്ക് അനുഗ്രഹങ്ങൾ നൽകിയ ദൈവത്തെ മറന്നാണോ നമ്മുടെ ജീവിതം മുന്നോട്ട് പോകുന്നത്. എങ്കിൽ ''നീ എവിടെ'' എന്നുള്ള ചോദ്യത്തെ അഭിമുഖീകരിച്ച് അതിന്

മറുപടി നൽകാൻ കഴിയാതെ വരുമ്പോൾ സൗഭാഗ്യങ്ങളിൽനിന്നും ശാപത്തിലേക്ക് തള്ളപ്പെട്ട നമ്മുടെ ആദ്യപിതാക്കന്മാരുടെ അനുഭവം നമുക്ക് ഒരു പാഠം ആകട്ടെ.

പരാമർശം :

യിരെമ്യാവു 23:24

ഞാൻ കാണാതവണ്ണം ആർക്കെങ്കിലും മറയത്തു ഒളിപ്പാൻ കഴിയുമോ? എന്നു യഹോവയുടെ അരുളപ്പാടു; ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനല്ലയോ എന്നു യഹോവയുടെ അരുളപ്പാടു.

സിസ്റ്റർ ജെയ്മി ബിജു കോതമംഗലം 004